"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

**സംഗ്രഹം**

തദ്ദേശസ്വയംഭരണ വകുപ്പ് - കൂത്താട്ടുകുളം നഗരസഭ - എം.എൻ. ലക്ഷംവീട് പദ്ധതിക്ക് സർക്കാരിൽ നിന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന സബ്സിഡിയായി അനുവദിച്ച തുകയിൽ ബാക്കി നിൽക്കുന്ന തുക ലൈഫ് പദ്ധതിയുടെ ഭാഗമായി വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകി- ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശസ്വയംഭരണ (ഡിസി) വകുപ്പ്

G.O.(Rt) No.1652/2020/LSGD തീയതി,തിരുവനന്തപുരം, 15/09/2020

---

പരാമർശം:- 1 23/12/2014-ലെ 6724/സി1/2014/ഭവനം നമ്പർ സർക്കാർ കത്ത്

2 കൂത്താട്ടുകുളം നഗരസഭ അധ്യക്ഷന്റെ 20/08/2019 ലെ CH1/36/19 നമ്പർ കത്ത്

3 കേരള സ്റ്റേറ്റ് ഹൗസിങ് ബോർഡ് അഡീഷണൽ സെക്രട്ടറിയുടെ 15/01/2020 തീയതിയിലെ L1/2957/MNOLHS/2014 നമ്പർ കത്ത്

**ഉത്തരവ്**

കൂത്താട്ടുകുളം നഗരസഭ പഞ്ചായത്തായിരുന്ന 2010-11, 2011-12 കാലഘട്ടങ്ങളിൽ നടപ്പിലാക്കിയ എം.എൻ. ലക്ഷംവീട് പദ്ധതിക്ക് (ഇരട്ട വീട് ഒറ്റവീടാക്കൽ) സർക്കാരിൽ നിന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന 40,24,000/- രൂപ സബ്സിഡിയായി അനുവദിച്ചിരുന്നു. ഈ തുകയിൽ 2010 മുതലുള്ള പലിശ ഉൾപ്പടെ 39,36,402/- രൂപ പദ്ധതിയുടെ അക്കൗണ്ടിൽ ബാക്കി വന്നിട്ടുണ്ട്. കൂത്താട്ടുകുളം നഗരസഭ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ലൈഫ് - പി.എം.എ.വൈ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ നഗരസഭയിലെ എല്ലാ ലക്ഷംവീട് കോളനിയിലും കൂടി 47 ജനറൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും, 9 എസ്.സി. കുടുംബങ്ങളും ഉൾപ്പെട്ടിട്ടുണ്ട്. ഇവർക്ക് രണ്ട് ലക്ഷം രൂപ വീതം നഗരസഭ വിഹിതം കണ്ടെത്തി നൽകേണ്ടതുണ്ട്. നഗരസഭയുടെ തനത് ഫണ്ട് ദൈനംദിന ചെലവുകൾക്ക് മാത്രമേ പര്യാപ്തമാകുകയുള്ളൂ എന്നും, പുതിയതായി രൂപികരിച്ച നഗരസഭ എന്ന നിലയിൽ നഗരസഭയുടെ പശ്ചാത്തല സൗകര്യം വളരെ പരിമിതമാണെന്നും, നിലവിൽ നഗരസഭയുടെ പി.എം.എ.വൈ. (നഗരം) പദ്ധതിയുടെ നഗരസഭാ വിഹിതമായി 50600000/- രൂപയോളം നഗരസഭയ്ക്ക് കണ്ടെത്തേണ്ടതുണ്ടെന്നും അതിനാൽ എം.എൻ. ലക്ഷംവീട് പദ്ധതിക്ക് അനുവദിച്ച സബ്സിഡി തുകയിൽ ബാക്കി നിൽക്കുന്ന തുക (പലിശയുൾപ്പടെ) പി.എം.എ.വൈ പദ്ധതിക്ക് വിനിയോഗിക്കുന്നതിന് അനുമതി നൽകണമെന്നും കൂത്താട്ടുകുളം നഗരസഭ അധ്യക്ഷൻ പരാമർശം (2) കത്ത് പ്രകാരം അഭ്യർത്ഥിച്ചിരുന്നു.

2. എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതിയിലെ വായ്പാ സബ്സിഡിയും കേരള സ്റ്റേറ്റ് ഹൗസിംഗ് ബോർഡിന് സർവ്വീസ് ചാർജ്ജും കൂടി നൽകി ബോർഡ് വഴി പദ്ധതി നടപ്പാക്കുന്നത് ഉചിതമല്ലാത്തതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന പ്രസ്തുത പദ്ധതി നടപ്പിലാക്കുന്നതിന് തീരുമാനിച്ചു. ആയതിനാൽ ഹൗസിംഗ് ബോർഡ് നിലവിൽ എം.എൻ ലക്ഷംവീട് പുനർ നിർമ്മാണ പദ്ധതി നടപ്പാക്കുന്നില്ല.

3. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. എം.എൻ.ലക്ഷം വീട് പുനർ നിർമ്മാണ പദ്ധതി ഹൗസിംഗ് ബോർഡ് മുഖേന ഇപ്പോൾ നടപ്പാക്കുന്നില്ല എന്ന വസ്തുത പരിഗണിച്ചും, ആയത് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ മുഖേന നടപ്പിലാക്കുന്നതിന് തീരുമാനിച്ചിട്ടുള്ളതായി ഹൌസിംഗ് ബോർഡ് അറിയിച്ചിട്ടുള്ള സാഹചര്യത്തിലും, കൂത്താട്ടുകുളം നഗരസഭ നിലവിൽ നടപ്പിലാക്കിക്കൊണ്ടിരിക്കുന്ന ലൈഫ് - പി.എം.എ.വൈ പദ്ധതിയുടെ ഗുണഭോക്തൃ പട്ടികയിൽ നഗരസഭയിലെ എല്ലാ ലക്ഷംവീട് കോളനിയിലും കൂടി 47 ജനറൽ വിഭാഗത്തിൽപ്പെട്ട കുടുംബങ്ങളും, 9 എസ്.സി. കുടുംബങ്ങളും ഉൾപ്പെട്ടിട്ടുള്ളതിനാലും, കൂത്താട്ടുകുളം നഗരസഭ പഞ്ചായത്തായിരുന്ന 2010-11, 2011-12 കാലഘട്ടങ്ങളിൽ എം.എൻ. ലക്ഷംവീട് പദ്ധതിക്ക് (ഇരട്ട വീട് ഒറ്റവീടാക്കൽ) സർക്കാരിൽ നിന്നും കേരള സംസ്ഥാന ഭവന നിർമ്മാണ ബോർഡ് മുഖേന സബ്സിഡിയായി അനുവദിച്ച തുകയിൽ ബാക്കി നിൽക്കുന്ന തുക (പലിശയുൾപ്പടെ), ലക്ഷം വീടുകളുടെ പുനർനിർമ്മാണം പൂർണമായും പൂർത്തീകരിച്ചെങ്കിൽ, ലൈഫ് പദ്ധതിയുടെ ഭാഗമായി വിനിയോഗിക്കുന്നതിന് പ്രത്യേക അനുമതി നൽകി ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
BISHWANATH SINHA IAS
PRINCIPAL SECRETARY

നഗരകാര്യ ഡയറക്ടർ
സെക്രട്ടറി, കൂത്താട്ടുകുളം നഗരസഭ
എക്സിക്യൂട്ടീവ് ഡയറക്ടർ, കുടുംബശ്രീ
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്/എൽ ബി എ & എ/എ&ഇ)
ഇൻഫർമേഷൻ ഓഫീസർ (വെബ് &ന്യൂ മീഡിയ)
സ്റ്റോക്ക് ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം
Signature Not Verified
Digitally signed by SMITHA B CHANDRA
Date: 2020.09.15 19:40:20 IST
Reason: Approved
സെക്ഷൻ ഓഫീസർ